بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 24.06.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*24.06.16 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**റമളാനിൽ നമ്മൾ ആഗ്രഹിക്കുന്നത് അല്ലാഹുവിനോടുള്ള തഖ്‌വാ കൈക്കൊള്ളുക എന്നതാണ്. അവന്റെ സാമീപ്യം നമുക്ക് കിട്ടണം. നമ്മുടെ ദുആ സ്വീകരിക്കപ്പെടുന്നത് നമുക്ക് കാണണം. അതിന് തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും നമ്മൾ വളരെയധികം പരിശ്രമിക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

ദുആ സ്വീകരിക്കപ്പെടുന്നതിന് അല്ലാഹുവിൽ പരിപൂർണമായി വിശ്വസിക്കുകയും അവനെ എല്ലാ കഴിവുകളുടേയും ഉടമസ്ഥനായി മനസ്സിലാക്കിക്കൊണ്ട് അവനോടു ചോദിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണെന്ന് അല്ലാഹു പറയുന്നു എന്ന കാര്യമാണ് കഴിഞ്ഞ ഖുത്ബയിൽ ചർച്ച ചെയ്തിരുന്നത്. അല്ലാഹുവിന്റെ കല്പനകളെന്താണ്? അതിന് അല്ലാഹു നമുക്ക് വിശുദ്ധ ഖുർആൻ പോലുള്ള മഹത്തായ ഗ്രന്ഥം പ്രദാനം ചെയ്തിരിക്കുന്നു. ഇതിൽ അല്ലാഹുവിന്റെ സകല കല്പനകളും വിധിവിലക്കുകളുമുണ്ട്. അല്ലാഹു ***ഫൽയസ്തജീബൂലീ*** എന്റെ ദാസർ എന്റെ കല്പന പാലിക്കട്ടെയെന്നും വിശുദ്ധ ഖുർആനിലുള്ള കല്പനകൾ സ്വീകരിക്കട്ടെയെന്നും പറഞ്ഞപ്പോൾ അതിന്റെ ഫലമായി അവൻ ദുആ സ്വീകരിക്കുമെന്നും സന്മാർഗം ലഭിക്കുമെന്നും പറഞ്ഞിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്. അതിൽ ചെയ്യേണ്ടത് ചെയ്യാനും ചെയ്യരുതാത്തത് ചെയ്യാതിരിക്കാനും അല്ലാഹു നമുക്ക് കല്പന തന്നിരിക്കുന്നു. അവ നമ്മൾ സന്ദർഭോചിതം അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ആവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇപ്പോൾ ഞാൻ ചില കല്പനകൾ എടുത്തിട്ടുണ്ട്. നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതായ അടിസ്ഥാനപരമായ കല്പന-അത് മനുഷ്യന്റെ സൃഷ്ടി ഉദ്ദേശ്യവും കൂടിയാണ്- അല്ലാഹുവിനെ ആരാധി ക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ۝٥٧

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിനുകൊടുത്തിരിക്കുന്ന അർഥം ഇപ്രകാരമാണ്: ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാനാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ വിഷയം ഞാൻ പല പ്രാവശ്യവും വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ആവർത്തിച്ചാവർത്തിച്ച് ഈ ഭാഗത്തേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, നമ്മളിൽ അധികമാളുകളും കുറച്ചു ദിവസം അത് ഓർമ വെക്കുകയും പിന്നീട് മറന്നുപോകുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ, മതപരമായ അറിവ് കരസ്ഥമാക്കുകയും വൈജ്ഞാനികമായ നിലയിൽ അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തിട്ടുള്ളവരും ജമാഅത്തിനുവേണ്ടി പ്രവർത്തിക്കാൻ തങ്ങളുടെ ജീവിതം അർപണം ചെയ്തിട്ടുള്ളവരുമായ ചില വാഖ്ഫീനെ സിന്ദഗിമാർപോലും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് എനിക്കറിയാം, അത് ഞാൻ കണ്ടിട്ടുമുണ്ട്. പിന്നീടുള്ളത് ജമാഅത്തിന്റെ ഔദ്യോഗിക ഭരവാഹികളാണ്. മീറ്റിംഗുകളിൽ തങ്ങളുടെ ജ്ഞാനപരമായ സാമർഥ്യം പ്രകടിപ്പിക്കാൻ അവർ പരിശ്രമിക്കുന്നു. ആരുടെയെങ്കിലും പ്രശ്നം അവതരിപ്പിക്കപ്പെട്ടാൽ അത് ഖുർആനും ഹദീഥും ഉദ്ധരിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു. പക്ഷേ, സ്വയം ഈ അടിസ്ഥാനപരമായ കല്പന ശ്രദ്ധിക്കേണ്ടതുപോലെ ശ്രദ്ധിക്കാത്ത ചിലരുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: 'നിങ്ങളെ സൃഷ്ടിച്ചതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം നിങ്ങൾ അവനെ ആരാധിക്കുകയും അവന്റേതായിത്തീരുകയും ചെയ്യുക എന്ന കാര്യമാണെന്ന് നിങ്ങൾ മനസ്സിലാക്കുക. ഭൗതികത നിങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യമായിരിക്കരുത്. ഞാൻ അതുകൊണ്ടാണ് ആവർത്തിച്ചാവർത്തിച്ച് ഇക്കാര്യം വിവരിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ആരാധന എന്നൊരു കാര്യത്തിനുവേണ്ടി മാത്രമാണ് മനുഷ്യൻ വന്നിട്ടുള്ളത്. ഇതേ കാര്യത്തിൽ നിന്നാണ് അവൻ അകന്നുമാറി കിടക്കുന്നതും.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാര്യം കൂടുതൽ വ്യക്തമാക്കുകയുണ്ടായി: 'ഭൗതികതയെ അടിസ്ഥാനപരമായ ലക്ഷ്യമാക്കുരുതെന്ന് പറഞ്ഞതിന്റെ അർഥം നിങ്ങൾ ഭൗതികമായ ജോലികൾ ചെയ്യരുതെന്നല്ല. അതും നിങ്ങൾ ചെയ്തുകൊള്ളുക. പക്ഷേ, ഇബാദത്ത് അഥവാ ആരാധനയുടെ ഉത്തരവാദിത്വം, എന്നല്ല സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നിങ്ങൾ ഒന്നാമതായി പരിഗണിക്കേണ്ടതാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്പോൾ റമളാനിൽ

ഇതനുസരിച്ചുള്ള കർമങ്ങൾ പൊതുവെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. വെറും റമളാനിൽ മാത്രമല്ല, റമളാനിൽ മാത്രം അല്ലാഹു പറഞ്ഞിട്ടുള്ള രീതിയനുസരിച്ച് ആരാധനാകർമങ്ങളിൽ ശക്തി ചെലുത്താതെ ഇക്കാര്യം എപ്പോഴും നിലനിറുത്താൻ പൂർണമായും നിറവേറ്റാൻ പരിശ്രമിക്കേണ്ടതാണ്. റമളാനിന്റെ തർബിയ്യത്തും മുജാഹദയും(അധ്വാനവും)ആരാധനയിൽ നമ്മുടെ ശ്രദ്ധയിൽ ഉണ്ടാക്കിയിട്ടുള്ള മികവിനെ നമ്മൾ ഇനി ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കേണ്ടതാണ്. നമ്മുടെ മാതൃക സ്ഥാപിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: 'മാനുഷികമായ സൃഷ്ടിപ്പുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് ആരാധന മാത്രമാകുമ്പോൾ മറേറതെങ്കിലും ഒന്നിനെ തന്റെ ഉദ്ദേശ്യമാക്കുക എന്നത് മനുഷ്യന് ചേർന്നതല്ല. ശരീരത്തോടുള്ള കടമകൾ അനുവദനീയമാണ്. എന്നാൽ, ശരീരത്തിന്റെ അസംതുലിതാവസ്ഥകൾ അനുവദനീയമല്ല. ശരീരത്തിനോടുള്ള കടമകളും അനുവദനീയമാകുന്നത് അതിന്റെ ശക്തി ക്ഷയിക്കാതിരിക്കാനാണ്. നിങ്ങളും ഇക്കാര്യങ്ങളെ ഇതിനുവേണ്ടി പ്രയോഗത്തിൽ കൊണ്ടുവരിക. നിങ്ങളെ ആരാധനയ്ക്ക് അർഹരാക്കി വെക്കുന്നതിന് അവയെ പ്രയോജനപ്പെടുത്തുക.അല്ലാതെ അത് നിങ്ങളുടെ യഥാർഥ ഉദ്ദേശ്യമാകുന്നതിനല്ല.'

ശരീരത്തിനോടുള്ള കടമകൾ നിറവേറ്റുന്നതിനെ സംബന്ധിച്ച് ഹദീഥിലും പറഞ്ഞിട്ടുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ ശരീരത്തിനും നിങ്ങളുടെമേൽ അവകാശമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അവകാശമുണ്ടെന്നത് ശരിതന്നെ. പക്ഷേ, അതിൽ മധ്യമനില സ്വീകരിക്കേണ്ടതാണ്. ശരീരത്തിന് അനുവദനീയമായിട്ടുള്ള അവകാശം നിറവേറ്റുക. കാരണം ഈ അവകാശങ്ങൾ അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽ വെച്ചിട്ടുള്ളതാണ്. അതുകൊണ്ട് അത് നിറവേറ്റേണ്ടത് എന്തായാലും നിർബന്ധം തന്നെയാണ്. അവയെ നിങ്ങളുടെ ഗുണത്തിലും ഉപയോഗത്തിലും കൊണ്ടുവരിക. ഇല്ലെങ്കിൽ ചില ചീത്തക്കാര്യങ്ങളുണ്ട്. ഇതുപയോഗത്തിൽ കൊണ്ടുവരാതെയും പൂർണമായും കടമ നിറവേറ്റാതിരിക്കുകയും ചെയ്താൽ ശരീരത്തിന്റെ ചില ഇന്ദ്രിയങ്ങൾ നിശ്ചലമായിപ്പോകുന്നതാണ്. അത് മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമല്ല. ആരാധനയുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനോടൊപ്പം ഇക്കാര്യങ്ങൾ ഉപയോഗിക്കേണ്ടതും നിർബന്ധമാണ്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വിശേഷതകളേയും കഴിവുകളേയും ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. ഉപയോഗിക്കാതിരിക്കുക എന്നത് അല്ലാഹുവിനോടുള്ള നന്ദികേടാണ്. ഒരു വനിത സ്വഹാബി ഉണ്ടായിരുന്നു. അവരുടെ അവസ്ഥ വളരെ മോശമായിരുന്നു. അവർ ഒരുങ്ങി ഇരിക്കുമായിരുന്നില്ല. മുടി ചീകുമായിരുന്നില്ല. ആരോ അവരെക്കുറിച്ച് നബി(സ)തിരുമേനിയോടുപറഞ്ഞു. അവരെ വിളിച്ച് നബി(സ)തിരുമേനി കാര്യം തിരക്കി. അവർ പറഞ്ഞു, 'ഞാൻ ആർക്കുവേണ്ടിയാണ് ഒരുങ്ങുന്നത്? എന്റെ ഭർത്താവ് പകലും ആരാധനയിൽ മുഴുകുന്നു. രാത്രിയിലും ആരാധനയിലാണ്.' അപ്പോൾ അവിടന്ന് ഭർത്താവിനെ വിളിച്ചിട്ട് പറഞ്ഞു, താങ്കളുടെ ശരീരത്തിനും താങ്കളുടെ മേൽ അവകാശമുണ്ട്. താങ്കളുടെ ഭാര്യക്കും താങ്കളുടെമേൽ അവകാശമുണ്ട്. അതുകൊണ്ട് അവകാശങ്ങൾ എല്ലാ രീതിയിലും നിറവേറ്റപ്പെടേണ്ടതാണ്.' പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'സന്ദർഭോചിതം ഉപയോഗിക്കുന്നില്ലെങ്കിൽ ഹലാ ലും ഹറാമായി തീരുന്നു. പറയുന്നു: **വമാ ഖലഖ്ത്തുൽജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ** എന്നതിൽ നിന്ന് പ്രകടമാകുന്നത് മനുഷ്യൻ വെറും ആരാധനയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. അതിനാൽ ഈ ഉദ്ദേശ്യ പൂർത്തീകരണത്തിനുവേണ്ടി എത്രത്തോളം കാര്യങ്ങളാണോ വേണ്ടത്, അതിനെക്കാൾ കൂടുതൽ എടുത്താൽ അക്കാര്യം ഹലാലാണെങ്കിൽത്തന്നെയും നിരർഥമായ കാരണത്താൽ അവന് ഹറാമായിത്തീരുന്നു. എല്ലാ വസ്തുക്കളുടേയും അനുവദനീയമായ ഉപയോഗം ശരി തന്നെയാണ്. എന്നാൽ, ആവശ്യത്തേക്കാൾ കൂടുതൽ ഉപയോഗിക്കുന്നെങ്കിൽ ഹലാലായ അതും ഹറാമായിത്തീരുന്നു.' പറഞ്ഞു, 'ഏതൊരു മനുഷ്യനാണോ ഇരവും പകലും മാനുഷികമായ സുഖഭോഗങ്ങളിൽ മുഴുകിയിരിക്കുന്നത് അവൻ ആരാധനയോടുള്ള കടമ എന്തു നിറവേറ്റാനാണ്? മുഅ്മിന് അത്യാവശ്യമായിട്ടുള്ളത് ഒരു കയ്പായജീവിതം നയിക്കുക എന്നതാണ്. പക്ഷേ, സുഖാഡംബരങ്ങളിൽ ജീവിക്കുന്നതുകൊണ്ട് അവന് ഈ ജീവിതത്തിന്റെ പത്തിലൊന്നുപോലും കരസ്ഥമാക്കാൻ സാധിക്കുകയില്ല.'

അല്ലാഹു നമസ്കാരത്തിന്റേയും ആരാധനയുടേയും വിഷയം വേറെ പല സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. സൂറ നൂറിൽ അല്ലാഹു പറയുന്നു,

لَّا تُلۡهِيۡهِمۡ تِجَارَةٌ وَّلَا بَيۡعٌ عَنۡ ذِكۡرِ اللّٰهِ
وَاِقَامِ الصَّلٰوةِ وَاِيۡتَآءِ الزَّكٰوةِ ۙ يَخَافُوۡنَ
يَوۡمًا تَتَقَلَّبُ فِيۡهِ الۡقُلُوۡبُ وَالۡاَبۡصَارُ ۟ۙ ٣٨

അത്തരം വലിയ പുരുഷന്മാരെ എന്തെങ്കിലും വ്യാപാരമോ എന്തെങ്കിലും കൊടുക്കൽ വാങ്ങലോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അല്ലെങ്കിൽ നമസ്കാരം നിലനിറുത്തുന്നതിൽനിന്ന് അല്ലെങ്കിൽ സക്കാത്ത് കൊടുക്കുന്നതിൽ നിന്ന് അശ്രദ്ധരാക്കുകയില്ല. ഹൃദയം ഭയത്താൽ തകിടംമറിഞ്ഞുകൊണ്ടിരിക്കുന്ന നാളിനെ അവർ ഭയപ്പെടുന്നു; കണ്ണുകളും. ഈ ബഹുമതി ഏറ്റവും കൂടുതൽ ലഭിച്ചത് നബി(സ)തിരുമേനിയുടെ സ്വാഹാബാക്കൾക്കായിരുന്നു. അവർ അല്ലാഹുവിന് പ്രിയപ്പെട്ടവരായി. തന്റെ സഖാക്കളെ സംബന്ധിച്ച് നബി (സ)തിരുമേനി നമ്മളോടു പറഞ്ഞു, അവർ നിങ്ങൾക്ക് വഴി കാണിക്കുന്നവരാണ്. അവ

രുടെ പിന്നാലെ നടന്നുകൊള്ളുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആയത്തിന് നല്കിയ വിശദീകരണത്തിൽ പറയുന്നു: 'ഒരു വ്യക്തിയെ സംബന്ധിച്ച് തദ്കിറത്തുൽ ഔലിയായിൽ പറയുന്നുണ്ട്. അതായത് ഒരാൾ ആയിരക്കണക്കിന് രൂപയുടെ കച്ചവടത്തിൽ വ്യാപൃതനായിരുന്നു. അല്ലാഹുവിന്റെ ഒരു വലിയ്യ് അദ്ദേഹത്തെ കണ്ടു. ജാഗ്ര ദർശനത്തിന്റെ ദൃഷ്ടി അയാളിൽ പതിപ്പിച്ചു. ഇത്രമാത്രം വലിയ കച്ചവടത്തിലായിട്ടും അയാളുടെ ഹൃദയം അല്ലാഹുവിൽ നിന്ന് അശ്രദ്ധനായിട്ടില്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി.' അവിടന്ന് പറയുന്നു: 'അത്തരക്കാരെ കുറിച്ചാണ് **ലാ തുൽഹീഹിം തിജാറത്തുൻ വ്വലാ ബയ്ഉൻ അൻ ദിക്രി ല്ലാഹി** എന്ന് അല്ലാഹു പറഞ്ഞത്. ഒരു കച്ചവടവും ഒരു കൊടുക്കൽ വാങ്ങലും അവരെ അശ്രദ്ധരാക്കുന്നില്ല. മനുഷ്യന്റെ കഴിവെന്ന് പറയുന്നതും ഇതുതന്നെയാണ്; ഭൗതിക ജോലികളിലും വ്യാപൃതരാകുക, അല്ലാഹുവിനെ മറക്കാതിരിക്കുകയും ചെയ്യുക. ഭാരം കയറ്റുമ്പോൾ ഇരിക്കുകയും ഭാരം ഇറക്കുമ്പോൾ പായുകയും ചെയ്യുന്ന കുതിരയെക്കൊണ്ട് എന്തു പ്രയോജനമാണുള്ളത്?'

'ഭൗതികമായ ജോലികണ്ട് പരിഭ്രമിച്ച് ഏകാന്തവാസിയാകുന്നവൻ ഒരു ബലഹീനത കാണിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിൽ സന്യാസമില്ല. ഭാര്യമാരേയും കുഞ്ഞുകുട്ടികളേയും ഉപേക്ഷിക്കണമെന്ന് നാമൊരിക്കലും പറയുന്നില്ല. ഭൗതികമായ ജോലികൾ ഉപേക്ഷിക്കണമെന്നും പറയുന്നില്ല. പ്രത്യുത ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ഉദ്യോഗത്തിന്റെ നിർബന്ധമായ കടമകൾ നിർവഹിക്കുക. വ്യാപാരികൾ തങ്ങളുടെ വ്യാപാരങ്ങൾ പൂർത്തിയാക്കുക. പക്ഷേ, ദീനിനെ മുന്തിക്കേണ്ടതാണ്. ഇത് നിബന്ധനയാണ്.'

നമസ്കാരം സംരക്ഷിക്കേണ്ടതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

**ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ വ ഖൂമൂ ലില്ലാഹി ഖാനിത്തീൻ**

നിങ്ങളുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുക. പ്രത്യേകിച്ചും മധ്യമ നമസ്കാരത്തെ. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അനുസരണം പുലർത്തിക്കൊണ്ട് നില്ക്കുക. ഈ ആയത്തിൽ പ്രത്യേകമായ നിലയിൽ നമസ്കാരം ഏതെങ്കിലും വിധത്തിൽ ഭാരമാകുന്ന ആളുകളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. രാത്രി ദീർഘനേരം ഉണർന്നിരിക്കുന്ന കാരണത്താൽ മടികൊണ്ട് സുബ്ഹി നമ്സ്കാരത്തിന് വന്നുചേരാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇത് **സ്വലാത്തുൽ വുസ്ത്വാ ആണ്.** തൊഴി ലാളികൾക്ക് ളുഹ്റും അസ്വറും നമസ്കരിക്കാൻ പ്രയാസമുണ്ടെങ്കിൽ അത് അവർക്ക് **സ്വലാത്തുൽ വുസ്ത്വാ** ആണ്.

പിന്നീട് ഒരു കല്പന അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് പ്രതിജ്ഞ നിർവഹിക്കുന്നതിനെ കുറിച്ചും അതിന്റെ പാലനത്തെ കുറിച്ചുമാണ്. അതിൽ അല്ലാഹുവിനോടു ചെയ്തിട്ടുള്ള കരാറുകളുണ്ട്. സമസൃഷ്ടികളോടു ചെയ്തിട്ടുള്ള കരാറുകളുണ്ട്. അല്ലാഹുവിനോടുള്ള പ്രതിജ്ഞ അല്ലാഹുവിന്റെ ദീനിനെക്കുറിച്ചുള്ള പ്രതിജ്ഞയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുള്ള പ്രതിജ്ഞയാണത്. ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം പാലിക്കുമെന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയാണ്. ബയ്അത്തിന്റെ നിബന്ധനകളിൽ ഇക്കാര്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. മനുഷ്യരോടുള്ള കടമ നിർവഹിക്കുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഇക്കാര്യത്തിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു,

وَاَوْفُوْا بِعَهْدِ اللّٰهِ اِذَا عٰهَدْتُّمْ وَلَا تَنْقُضُوا الْاَيْمَانَ بَعْدَ تَوْكِيْدِهَا وَقَدْ جَعَلْتُمُ اللّٰهَ عَلَيْكُمْ كَفِيْلًا ؕ اِنَّ اللّٰهَ يَعْلَمُ مَا تَفْعَلُوْنَ ﴿٩٢﴾

നിങ്ങൾ അല്ലാഹുവിനോടു പ്രതിജ്ഞകൾ ചെയ്യുമ്പോൾ അവ പൂർത്തിയാക്കുക. സത്യങ്ങളെ-അവ ദൃഢമായി ചെയ്തതിനുശേഷം ലംഘിക്കാതിരിക്കുക. നിങ്ങൾ അല്ലാഹുവിനെ നിങ്ങളുടെമേൽ ജാമ്യക്കാരനാക്കിക്കഴിഞ്ഞിരിക്കുകയാണല്ലോ. നിങ്ങൾ എന്തൊന്ന് ചെയ്യുന്നുവോ അത് അല്ലാഹു തീർച്ചയായും അറിയുന്നു. അതുകൊണ്ട് വളരെ വ്യക്തമായ കല്പനയാണ്. നിങ്ങളുടെ രണ്ടു പ്രതിജ്ഞകളുണ്ട്. ഒന്ന് അല്ലാഹുവിനോടു ചെയ്തിട്ടുള്ളതാണ്. തീർച്ചയായും ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് ജീവിക്കുമെന്ന് അല്ലാഹുവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയാണ് ഒന്ന്. അത് ബയ്അത്ത് പ്രതിജ്ഞയാണ്. ഞാൻ ഇസ്‌ലാമിൽ പ്രവേശിച്ചിട്ട്, മുസ്‌ലിമെന്ന് പറയപ്പെട്ട് അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതാണെന്നുള്ള പ്രതിജ്ഞയാണത്. രണ്ടാമത്തെ കാര്യം വിവരിച്ചിട്ടുള്ളത് നിങ്ങൾ പരസ്പരം ചെയ്തിട്ടുള്ള പ്രതിജ്ഞകളും ഉടമ്പടികളും പൂർത്തിയാക്കുക എന്നതാണ്.

അതുകൊണ്ട് ഒരു മുഅ്മിൻ തന്റെ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും നിറവേറ്റണമെന്ന വിഷയം മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഇക്കാര്യത്തിന്റെ പ്രാധാന്യവും യാഥാർഥ്യവും നമ്മൾ മനസ്സിലാക്കുകയാണെങ്കിൽ എല്ലാ തരത്തിലുള്ള വഴക്കുകളിൽനിന്നും വഞ്ചനകളിൽനിന്നും ആക്ഷേപങ്ങളിൽനിന്നും നമ്മുടെ സമൂഹം പരിശുദ്ധമാകാൻ ഇടയുണ്ട്. കുടുംബപരമായ കാര്യങ്ങളിലും വല്ല

പ്പോഴുമുണ്ടാകുന്ന പ്രശ്നങ്ങളും ഉണ്ടാകുകയില്ല. കാരണം അവിടേയും ഉടമ്പടി ലംഘനമാണ് നടക്കാറുള്ളത്. ഭൗതികമായ അത്യാഗ്രഹം കാരണത്താൽ നമ്മുടെ ഉള്ളിലും ഉടമ്പടികൾ ലംഘിക്കുന്നതും വഞ്ചന നടത്തുന്നതും നാവുകൊണ്ട് സമ്മതിക്കുന്നത് പൂർത്തിയാക്കാത്തതുമായ കാര്യങ്ങൾ വർധിച്ചുവരുന്നതായി ഈയിടെയായി ഞാൻ കാണുന്നുണ്ട്. ഇക്കാര്യങ്ങളാൽ ജമാഅത്തിന് ദുഷ്പേരുണ്ടാകുന്നുവെന്ന് മാത്രമല്ല ചിലപ്പോൾ അത്തരക്കാരുടെ ഈമാനും പാഴായിപ്പോകുന്നു. ഉടമ്പടികളെ മനുഷ്യൻ ലംഘിക്കുമ്പോൾ കളവിനെ ആശ്രയിക്കുന്നു. കളവിനെക്കുറിച്ച് അല്ലാഹു വളരെ ശക്തമായ രീതിയിൽ വിവരിച്ചുകൊണ്ട് അതിൽ നിന്ന് രക്ഷപ്പെടാൻ കല്പിച്ചിരിക്കുന്നു.'

'കളവുപോലെ വൃത്തികെട്ട മറ്റൊരു കാര്യവുമില്ലെന്ന കാര്യം ഓർക്കുക. പൊതുവെ ലൗകികരായവർ പറയുന്നത് സത്യം പറയുന്നവർ അറസ്റ്റു ചെയ്യപ്പെടുന്നു എന്നാണ്. എന്നാൽ, ഞാൻ അതെങ്ങനെയാണ് അംഗീകരിക്കുക? എനിക്കെതിരിൽ 7 കേസ്സുകളുണ്ടായി. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഏതെങ്കിലും ഒന്നിൽപോലും ഒരു വാക്കുപോലും എനിക്ക് കളവു പറയേണ്ട ആവശ്യം വന്നില്ല. ഏതെങ്കിലും ഒരു കേസ്സിൽ അല്ലാഹു എന്നെ പരാജയപ്പെടുത്തിയതായി ആരെങ്കിലും പറയട്ടെ. അല്ലാഹു സ്വയം സത്യത്തെ സഹായിക്കുന്നവനും പിന്തുണക്കുന്നവനുമാണ്. അപ്പോൾ സത്യമാർഗത്തിൽ ചലിക്കുന്നവനെ ശിക്ഷിക്കുന്നതെങ്ങനെ? യാഥാർഥ്യമെന്താണെന്നുവച്ചാൽ സത്യം പറയുന്നതുകൊണ്ട് ശിക്ഷ ലഭിക്കുന്നത് അത് സത്യം കാരണത്താലല്ല. അവനു ലഭിക്കുന്ന ആ ശിക്ഷ അവന്റെ മറ്റു ചില അതിസൂക്ഷ്മമായ ദുഷ്പ്രവർത്തികൾ കൊണ്ടാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: മുത്തഖികളുടെ ഒരു അടയാളം അല്ലാഹു പറഞ്ഞത് **വൽകാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസ്** എന്നാണ്. ദ്വേഷത്തെ അമർത്തുന്നവരും ജനങ്ങൾക്ക് മാപ്പുകൊടുക്കുന്നവരുമാണെന്നാണ്. അഫ്വ് എന്നതിന്റെ അർഥം തനിക്കെതിരെ ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യം പൂർണമായും മറന്നുകൊണ്ട് കുറ്റവാളിക്ക് മാപ്പുകൊടുക്കുക എന്നാണ്. ഇതാണ് അഫ്വ്. മുത്തഖി എന്നുപറയുന്നത് ദ്വേഷത്തെ അമർച്ച ചെയ്യുന്നവൻ മാത്രമല്ല പ്രത്യുത മാപ്പുകൊടുക്കുന്നവനുമായിരിക്കണം. പിന്നീട് എങ്ങനെയാണ് മാപ്പുകൊടുക്കേണ്ടത്. എനിക്കെതിരെ ആര് കുറ്റകൃത്യം ചെയ്താലും അത് ഞാൻ മറക്കേണ്ടതാണ്. ദ്വേഷം അമർത്തുന്നതുകൊണ്ട് എന്ത് നേട്ടമാണുണ്ടാകുന്നതെന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ബുദ്ധിയിലും ആവേശത്തള്ളിച്ചയിലും ഭയാനകമായ ശത്രുതയാണുള്ളതെന്ന് ഓർക്കുക. ആവേശവും ദ്വേഷവും വരുമ്പോൾ ബുദ്ധി നിലനില്ക്കുകയില്ല. എന്നാൽ, ആരാണോ ക്ഷമിക്കുകയും സഹിഷ്ണുതയുടെ മാതൃകകാണിക്കുകയും ചെയ്യുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നു. ഇതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ വെളിച്ചമുണ്ടാകുന്നു. ദ്വേഷത്തിന്റേയും ആവേശത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടായിത്തീരുന്നതിനാൽ പിന്നീട് ആ ഇരുട്ടിൽനിന്ന് ഇരുട്ടാണ് ഉണ്ടാകുക.'

പറഞ്ഞു: 'കോപവും വിവേകവും ഒരിടത്ത് സമ്മേളിക്കുകയില്ല. കോപത്തിനു അടിമപ്പെടുന്നവന്റെ ബുദ്ധി തടിച്ചതും കാര്യബോധം മെല്ലിച്ചതുമായിരിക്കും.' പറഞ്ഞു: 'അവനൊരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം എന്നത് പകുതി ഭ്രാന്താണ്. അത് ജ്വലിച്ചുയരുമ്പോൾ മുഴുഭ്രാന്തനായിത്തീരാവുന്നതാണ്. കഠിനമായി കോപിക്കുന്നവനിൽനിന്ന് വിവേകത്തിന്റെ അരുവി തട്ടിപ്പറിച്ചെടുക്കപ്പെടുന്നു. ഏതെങ്കിലും ഏതിരാളിയുണ്ടെങ്കിൽ അയാളോടും ദ്വേഷപ്പെട്ട് സംസാരിക്കരുത്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മനുഷ്യൻ ഊഹങ്ങളിൽനിന്നും കോപത്തിൽനിന്നും അധികമധികം രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. ഊഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു വിശുദ്ധ ഖുർആനിലും നമ്മളോടു കല്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

يَاَيُّهَا الَّذِيْنَ اٰمَنُوا اجْتَنِبُوْا كَثِيْرًا مِّنَ الظَّنِّ ۫ اِنَّ بَعْضَ الظَّنِّ اِثْمٌ وَّلَا تَجَسَّسُوْا وَلَا يَغْتَبْ بَّعْضُكُمْ بَعْضًا ؕ اَيُحِبُّ اَحَدُكُمْ اَنْ يَّاْكُلَ لَحْمَ اَخِيْهِ مَيْتًا فَكَرِهْتُمُوْهُ ؕ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ تَوَّابٌ رَّحِيْمٌ ﴿۱۳﴾

വിശ്വസിച്ചവരേ! ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ. തീർച്ചയായും ചില ഊഹം പാപമാണ്. നിങ്ങൾ അന്യരുടെ കാര്യങ്ങൾ ചുഴിഞ്ഞു നോക്കരുത്. നിങ്ങൾ പരസ്പരം പരദൂഷണം പറയുകയുമരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാനിഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു.(49:13)

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ ആയത്തിൽ ആദ്യം രക്ഷപ്പെടാൻ പറഞ്ഞ കാര്യം ഊഹമാണ്. ഊഹം അഥവാ തെറ്റായ ധാരണ മനുഷ്യനെ അന്ധനാക്കി നാശത്തിന്റെ ഇരുട്ട് നിറഞ്ഞ കിണറ്റിൽ തള്ളിയിടുന്ന രോഗ

മാണെന്നും വൃത്തികെട്ട ബലായാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. പിന്നീടു പറഞ്ഞു, 'നല്ലവണ്ണം ഓർത്തുകൊള്ളുക! എല്ലാ തിന്മകളും ദോഷങ്ങളും ഊഹത്തിൽനിന്നാണുണ്ടാകുന്നത്. അതുകൊണ്ട് അല്ലാഹു അതിനെ ശക്തമായി വിരോധിച്ചു.' പറഞ്ഞു, 'മനുഷ്യൻ ഊഹത്തിൽനിന്ന് വളരെയധികം രക്ഷപ്പെട്ടുകൊള്ളട്ടെ. ആരെയെങ്കിലും സംബന്ധിച്ച് എന്തെങ്കിലും ദുർധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ അധികമായി പാപപ്പൊറുതി തേടിക്കൊള്ളട്ടെ.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ ആയത്തിൽ അല്ലാഹു നമ്മെ തടഞ്ഞിട്ടുള്ള രണ്ടാമത്തെ കാര്യം ചുഴിഞ്ഞുനോട്ടമാണ്. ചുഴിഞ്ഞ് ചുഴിഞ്ഞ് ആരുടെയെങ്കിലും ന്യൂനതകൾ പുറത്തെടുക്കുക. അല്ലെങ്കിൽ ഏതെങ്കിലും കാര്യം ചുഴിഞ്ഞെടുക്കുക. ആരെങ്കിലും പറയാനാഗ്രഹിക്കാത്ത കാര്യത്തെകുറിച്ച് താനറിയണം എന്ന വിചാരത്തോടെ ശ്രമിക്കുക. ഇക്കാര്യം തെറ്റാണ്. ഇതിൽനിന്നും തിന്മകളുണ്ടാകുന്നു. മൂന്നാമത്തെ കല്പന പരദൂഷണം പറയരുതെന്നതാണ്. പരദൂഷണം പറയുക എന്നത് ഒരുവൻ സ്വന്തം സഹോദരന്റെ ശവശരീരം തിന്നുന്നതുപോലെയാണ്. അതിനെ നിങ്ങൾ കഠിനമായി വെറുക്കുന്നുവല്ലോ.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: റമളാനിൽ നമ്മൾ ആഗ്രഹിക്കുന്നത് അല്ലാഹുവിനോടുള്ള തഖ്‌വാ കൈക്കൊള്ളുക എന്നതാണ്. അവന്റെ സാമീപ്യം നമുക്ക് കിട്ടണം. നമ്മുടെ ദുആ സ്വീകരിക്കപ്പെടുന്നത് നമുക്ക് കാണണം. അതിന് ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും നമുക്ക് വളരെയധികം പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ അവന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരട്ടെ. റമളാനു ശേഷവും നമ്മളിൽ ഈ നന്മകൾ നിലനില്ക്കുമാറാകട്ടെ. അല്ലാഹുവിന്റെ യഥാർഥ ആരാധകരായിത്തീരട്ടെ. അവനെ പരിപൂർണമായി അനുസരിക്കുന്നവരാകട്ടെ.

ഖുത്ബയ്ക്കുശേഷം അമീറുൽ മുഅ്മിനീൻ ചൗദരി ബശീർ അഹ്മദ് സാഹിബിന്റെ മകൻ ചൗദരീ ഖലീഖ് അഹ്മദ് സാഹിബ് ശഹീദിന്റെ ജനാസ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളംബരം ചെയ്യുകയും അദ്ദേഹത്തെ സ്മരിക്കുകയും ചെയ്തു. കറാച്ചി ജില്ലയിലെ ഹൽഖ ഗുൽസാർ ഹിജ്‌രിയിൽ അഹ്മദിയ്യത്തിന്റെ എതിരാളികൾ 49-ാമത്തെ വയസ്സിൽ 2016 ജൂൺ 20 ന് രാത്രി ഏകദേശം ഒമ്പതര മണിക്ക് അദ്ദേഹത്തിന്റെ ക്ലിനിക്കിൽ കടന്ന് വെടിവച്ചു ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. (വിവ: മുഹമ്മദ് ഇസ്മായീൽ ബദ്ർ മലയാളം എഡിറ്റർ)


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithul Futuh,London– on 24.06.16

Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala